**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3254** **01-03-2023 - ൽ മറുപടിയ്ക്ക്**

**കൊട്ടമൺ അറന്തക്കുളങ്ങര ഗവ. എൽ.പി. സ്കൂളിന് പ്രീ പ്രൈമറി വിഭാഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | അടൂർ മണ്ഡലത്തിലെ കൊട്ടമൺ അങ്ങാടിക്കൽ തെക്ക് അറന്തക്കുളങ്ങര ഗവൺമെന്റ് എൽ.പി. സ്കൂളിന് 2020-21 വർഷത്തിൽ സർവ്വശിക്ഷാ അഭിയാൻ പത്തനംതിട്ട ജില്ല ഓഫീസ് മുഖേന പ്രീ പ്രൈമറി വിഭാഗത്തിന്റെ നിർമ്മാണത്തിനായി അനുവദിച്ച പതിനഞ്ച് ലക്ഷം രൂപ യഥാവിധി ഉപയോഗിച്ചിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | **ഉണ്ട്. അടൂർ മണ്ഡലത്തിലെ കൊട്ടമൺ അങ്ങാടിക്കൽ തെക്ക് അറന്തക്കുളങ്ങര ഗവൺമെൻറ് എൽപി സ്കൂളിന് 2020-21 വർഷത്തിൽ സർവ്വശിക്ഷാ അഭിയാൻ പത്തനംതിട്ട ജില്ലാ ഓഫീസ് മുഖേന അടൂർ ബി.ആർ.സി പ്രീ-പ്രൈമറി നിർമ്മാണത്തിനായി 15 ലക്ഷം രൂപ ഉപയോഗിച്ച് സമയബന്ധിതമായി പൂർത്തീകരിച്ചിട്ടുണ്ട്.** |
| (ബി) | മേൽപ്പറഞ്ഞ പ്രവൃത്തിയിൽ വ്യാജ ബില്ലുകളും വൗച്ചറുകളും ഉപയോഗിച്ച് ഏഴ് ലക്ഷത്തോളം രൂപ ക്രമക്കേട് നടത്തിയതും ഫിറ്റ്നസ് ലഭിക്കാത്ത കെട്ടിടത്തിൽ മാതൃക പ്രീ പ്രൈമറി ആരംഭിച്ചതും സംബന്ധിച്ച പരാതിയിൽ വിജിലൻസ് അന്വേഷണം നടത്തി പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നൽകിയ വി.ജി. എസ്.സി.15/22/ പി.ടി.എ. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കുമോ? | (ബി) | **വി.ജി. എസ്.സി.15/22/പി.ടി.എ. നമ്പർ കത്ത് വിജിലൻസ് ഡിപ്പാർട്ട്മെന്റിൽ നിന്നും പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് ലഭിച്ചിട്ടില്ല എന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നിരുന്നാലും സമഗ്രശിക്ഷാ-കേരളയുടെ അഡീഷണൽ സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, ഫിനാൻസ് ഓഫീസർ, സ്റ്റേറ്റ് പ്രോജക്ട് എഞ്ചിനീയർ എന്നിവർ സെന്റർ സന്ദർശിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തി. സമഗ്രശിക്ഷാ-കേരളയുടെ മാനദണ്ഡം പൂർണമായും പാലിച്ചില്ലെന്ന കണ്ടെത്തലിന്മേൽ സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ തുടർ നടപടി സ്വീകരിച്ച് വരുന്നു.** |

സെക്ഷൻ ഓഫീസർ